(എ) വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സ്വന്തം ജില്ലയായ കോട്ടയത്തുണ്ടായ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നിഷേധിച്ചു എന്നത് ശരിയാണോ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ കോട്ടയത്തുണ്ടായ ഒഴിവിൽ ഏത് ജില്ലയിലെ ഉദ്യോഗസ്ഥനാണ് സ്ഥലം മാറ്റം നൽകിയത്; ഇങ്ങനെ മാറ്റം നൽകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉദ്യോഗസ്ഥന് നൽകിയ മാറ്റത്തിന്റെ വ്യവസ്ഥയനുസരിച്ചുള്ള ആനുകൂല്യം ഇൻഷ്വറൻസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥന് നിഷേധിച്ചിട്ടുണ്ടോ;

(ഡി) വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സ്വന്തം ജില്ലയായ കോട്ടയത്തേയ്ക്ക് സ്ഥലം മാറ്റം നിയമപ്രകാരം മാറ്റത്തിന് അർഹതയുണ്ടോ;

(ഇ) എങ്കിൽ ഈ ഉദ്യോഗസ്ഥന് കോട്ടയത്തേക്ക് മാറ്റം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല. കോട്ടയത്തുണ്ടായ ഒഴിവിൽ മുൻഗണനാക്രമത്തിൽ കൂടുതൽ അർഹതയുണ്ടായിരുന്ന ആൾക്ക് മാറ്റം കൊടുക്കുകയാണ് ചെയ്തത്.

(ബി) ആലപ്പുഴ ജില്ലയിലെ ഉദ്യോഗസ്ഥനാണ് സ്ഥലംമാറ്റം നൽകിയത്. 18.6.93 ലെ സ.ഉ.(പി) നം:33/93/പി ആന്റ് എ.ആർ.ഡി-ലെ വ്യവസ്ഥ അനുസരിച്ചാണ് മാറ്റം നൽകിയത്

(സി) ഇല്ല.

(ഡി)&(ഇ) ഒഴിവാവുണ്ടാകുമ്പോൾ മാറ്റം ആവശ്യപ്പെടുന്നവരുടെ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കേണ്ടകാര്യമായതിനാൽ ഇപ്പോൾ വ്യക്തമായ മറുപടി നൽകുവാൻ കഴിയുകയില്ല.

ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിൻമേൽ നടപടി

43 (1866) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്. (ഡബ്ല്യൂ) ഇ1-653/99 നമ്പരിൽ 8.11.1999ന് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് നൽകിയ കത്തിൽ ഏതെല്ലാം വിഷയങ്ങളിലാണ് നടപടി ആവശ്യപ്പെട്ടിരുന്നത്;

(ബി) പ്രസ്തുത കത്തിൽ ആവശ്യപ്പെട്ട പ്രകാരം എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വഭാവദൂഷ്യത്തിനും ഔദ്യോഗിക കൃത്യവിലോപത്തിനും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കത്തിൽ ആവശ്യപ്പെട്ട പ്രകാരം ആദ്യപടിയായി ആരോപണവിധേയനായ ജീവനക്കാരനെ കോഴിക്കോട് ജില്ലാലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

ഓഡിറ്റ് ഫീസിനത്തിൽ കുടിശ്ശിക

44 (1867) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽവരുന്ന സ്ഥാപനങ്ങളിൽ നിന്നും 1998-99 വർഷംവരെ ഓഡിറ്റ് ഫീസ് ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി കിട്ടാനുണ്ട്;

(ബി) ഇതിൽ ഓരോ വർഷത്തേയും കുടിശ്ശിക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയിരിക്കുന്നത്;

(ഡി) 1998-99 വർഷം ഓഡിറ്റ് ഫീ ആയി സർക്കാരിന് ലഭിച്ച തുക എത്ര;

(ഇ) ഓഡിറ്റ് ഫീ നിരക്ക് എത്രയെന്നും ഏത് ഉത്തരവ് വഴിയാണ് ഇത് ഈടാക്കുന്നതെന്നും അറിയിക്കുമോ;

(എഫ്) 1998-99 വർഷം ഓഡിറ്റ് വകുപ്പിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8,19,61,816/- രൂപ ലഭിക്കുവാനുണ്ട്.

(ബി)

വർഷം	രൂപ
1996-97	67,31,080/-
1997-98	2,46,63,025/-
1998-99	5,05,67,711/-

(സി) 1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾ.
2. 32 മുൻസിപ്പാലിറ്റികൾ
3. 1 ജില്ലാ പഞ്ചായത്ത്
4. 252 ഗ്രാമപഞ്ചായത്തുകൾ
5. കേരള സർവ്വകലാശാല
6. കൊച്ചിൻ യൂണിവേഴ്സിറ്റി
7. കാലിക്കറ്റ് സർവ്വകലാശാല
8. മഹാത്മാഗാന്ധി സർവ്വകലാശാല
9. കേരള കാർഷിക സർവ്വകലാശാല
10. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
11. കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് ബോർഡ്
12. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly